# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 ഏപ്രിൽ 06, വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

കേരളത്തിൽ ഇന്ന് 13 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ കാസർഗോഡ് ജില്ലയിൽ നിന്നും 9 പേർക്കും, മലപ്പുറം ജില്ലയിൽ നിന്നും 2 പേർക്കും, കൊല്ലം പത്തനംതിട്ട ജില്ലകളിൽ നിന്നും ഓരോരുത്തർക്ക് വീതവും രോഗം സ്ഥിരീകരിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. കേരളത്തിൽ ഇന്ന് 3 പേരുടെ പരിശോധനാഫലം നെഗറ്റീവ് ആയിട്ടുണ്ട്. കൊല്ലം ,കണ്ണൂർ, തൃശ്ശൂർ ജില്ലകളിൽ ചികിത്സയിലായിരുന്ന ഓരോരുത്തരുടെ പരിശോധനാഫലം ആണ് നെഗറ്റീവായത്. രോഗം സ്ഥിരീകരിച്ച 266 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. ഇന്ന് 208 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 152804 പേർ നിരീക്ഷ ണത്തിലാണ്. ഇതിൽ 152009 പേർ വീടുകളിലും 795 പേർ ആശുപത്രികളിലുമാണ്. ഇതു വരെ 10716 സാമ്പിളുകൾ പരിശോധിച്ചതിൽ 9607 സാമ്പിളുകൾ നെഗറ്റീവ് ആണ്. അതി നുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

ലോകത്താകമാനം 1136851 കേസൂകളും 62955 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ 4067 കേസുകളും 109 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇന്ത്യയിൽ ഇന്ന് 437 പുതിയ കേസുകളും 32 പുതിയ മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നിരീക്ഷണത്തിലുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്കും, വീടുകളിലും, ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. മാനസിക സാമൂഹിക പിന്തുണ നൽകുന്നതിനായി 1058 മാനസിക ആരോഗ്യ പ്രവർത്തകർ ജില്ലാടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു. ഇവർ നിരീക്ഷണത്തിലുള്ള 172050 വ്യക്തികൾക്ക് ടെലികൗൺസിലിങ്ങ് സേവനങ്ങൾ നൽകിയിട്ടുണ്ട്. ഇവരുടെ പിന്തുണയോടെ കമ്യൂണിറ്റി ഡീഅഡിക്ഷനും നടത്തുന്നു. 717 ഡീഅഡിക്ഷൻ കേസുകൾ ഇവർ കൈകാര്യം ചെയ്തിട്ടുണ്ട്. മാനസിക ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്ന 8297 പേർക്ക് കൗൺസിലിങ്ങ് നൽകിയിട്ടുണ്ട്. കൂടാതെ അതിഥി തൊഴിലാളികൾക്കും കൗൺസിലിങ്ങും നൽകുന്നുണ്ട്. 339 അതിഥി തൊഴിലാളികൾക്ക് ടെലികൗൺസിലിങ്ങ് സൗകര്യം ഉപയോഗിച്ച് കൗൺസിലിങ്ങ് നൽകി. പതിനഞ്ചാം തീയതിക്ക് ശേഷം മാസ്കുകൾ ഉപയോഗിക്കുന്നതിനായിട്ടുള്ള മാർഗ്ഗരേഖ ഇന്ന് വൈകിട്ടോടെ തയ്യാറാകും. റാപ്പിഡ് ടെസ്റ്റ് ചെയ്യുന്നതിനായി

മാർഗ്ഗരേഖ വിദഗ്ദ്ധ സമിതി തയ്യാറാക്കി തന്നിട്ടുണ്ട്. സ്വകാര്യ മേഖലയിൽ ടെസ്റ്റിങ്ങ് ചെയ്യുന്നതിനായുള്ള മാർഗ്ഗരേഖയും ഇന്ന് വൈകിട്ടോടെ തയ്യാറാകും.

## ചീഫ് സെക്രട്ടറി

കേന്ദ്ര ആഭ്യന്തര മന്ത്രിയുമായി വീഡിയോ കോൺഫറൻസ് നടത്തിയിരുന്നു. അതിൽ ആംബുലൻസുകളുടെ അന്തർസംസ്ഥാന യാത്രകളെ കുറിച്ചുള്ള ചർച്ചകൾ നടന്നിരുന്നു. കോവിഡ് അല്ലാത്ത മറ്റ് അടിയന്തിരഘട്ട രോഗമുള്ളവരെ കൊണ്ടുപോകാമെന്നും തീരുമാനമായിട്ടുണ്ട്. എന്നാൽ ഇതിന് കോവിഡ് രോഗലക്ഷണങ്ങൾ ഇല്ല എന്നും മെഡിക്കൽ എമർജൻസി ആണെന്നുമുള്ള തദ്ദേശ ഡോക്ടറുടെ സാക്ഷ്യപത്രം ആവശ്യമാണ്. ഏത് ആശുപത്രിയിലേയ്ക്കാണ് പോകുന്നത് എന്നും സാക്ഷ്യപ്പെടുത്തണം. കൂടാതെ ആംബുലൻസ് ആരോഗ്യ മന്ത്രാലയത്തിന്റെ മാർഗ്ഗരേഖ പ്രകാരം സാനിറ്റൈസ് ചെയ്തിരിക്കണം. രോഗി ഉൾപ്പെടെ 4 പേർക്ക് ഒരു ആംബുലൻസിൽ യാത്ര ചെയ്യാം. രോഗിയെ കൂടാതെ ഡ്രൈവർ, ഒരു പാരാമെഡിക്കൽ സ്റ്റാഫ്, ഒരു അറ്റൻഡർ എന്നിവരെയാണ് അനുവദിക്കുന്നത്. കർണ്ണാടക അതിർത്തിയിലുള്ള മെഡിക്കൽ ഓഫീസറുടെ പരിശോധനയ്ക്ക്ശേഷം മാത്രമേ ആംബുലൻസ് കടത്തിവിടുകയുള്ളൂ. എന്നാൽ ഈ പരിശോധന വളരെ വേഗത്തിൽ നടത്തണമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതിനായി ആഭ്യന്തര വകുപ്പ് സെക്രട്ടറിയുടെ ദുരന്തനിവാരണ നിയമത്തിൽ ഒരു ഓർഡർ കൂടി ഇറക്കിയാൽ ഇത് അനുസരിച്ച് പ്രവർത്തിക്കാവുന്നതാണ്. ഇന്ന് വൈകിട്ടോടെ ഓർഡർ ഇറക്കാമെന്നാണ് സമ്മതിച്ചിട്ടുള്ളത്. ചരക്ക് ലോറികളുടെ വരവിൽ ഇന്നത്തെ കണക്കനുസരിച്ച് 1981 ലോറികൾ എത്തിയിട്ടുണ്ട്. ആട്ട (മാവ്) ഒഴികെ ബാക്കി എല്ലാ ധാന്യങ്ങളും ആവശ്യത്തിന് ശേഖരം ഉണ്ട്. നിസാമുദീനിൽ നിന്ന് മടങ്ങിയെത്തിയ 193 പേരിൽ 41 പേരുടെ സാമ്പിളുകൾ പരിശോധിച്ചതിൽ 10 പേരുടെ പരിശോധനാ ഫലം പോസിറ്റീവ് ആയിട്ടുണ്ട്. പരിശോധിച്ചതിൽ 25 ശതമാനം ആൾക്കാരുടെ പരിശോധനാഫലം പോസിറ്റീവ് ആയതിനാൽ നിസാമുദീനിൽ നിന്ന് മടങ്ങി എത്തിയവരിൽ പരിശോധന ഊർജ്ജിതമാക്കണം. റാപ്പിഡ് ടെസ്റ്റ് കിറ്റുകളും വ്യക്തി സുരക്ഷാ ഉപകരണങ്ങളും ഓർഡർ നൽകിയിരുന്നു. എന്നാൽ ഏപ്രിൽ 9ാം തീയതിയോടു കൂടി മാത്രമേ ഇവ പുറപ്പെടു എന്നാണ് ആദ്യം അറിയിച്ചിരുന്നത്. പക്ഷേ നാളെ ഹോങ്കോങ്ങ് വഴി ഒരു വിമാനം പുറപ്പെടുന്നുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. അതിൽ 5000 റാപ്പിഡ് ടെസ്റ്റ് കിറ്റുകൾ അയച്ച് തരാമെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന്റെ കൃത്യമായ വിവരം ഇന്ന് വൈകിട്ടോട് കൂടി മാത്രമേ അറിയാൻ സാധിക്കുകയുള്ളൂ. പൊതുമരാമത്ത് വകുപ്പ് 1.33 ലക്ഷം മുറികൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 90922 മുറികൾ ഉടനെ ഉപയോഗിക്കാവുന്നതാണ്. 2 ലക്ഷം മുറികൾ ഇങ്ങനെ കണ്ടെത്തണം എന്നാണ് ഇപ്പോൾ കരുതുന്നത്. ഫീൽഡ് ആശുപത്രികൾ എവിടെയൊക്കെ തയ്യാറാക്കാൻ സാധിക്കുമെന്ന് പരിശോധിക്കുന്നുണ്ട്.

## വിദഗ്ദ്ധ സമിതി ചെയർ പേഴ്സൺ

ഡോ കെ എം. എബ്രഹാം അധ്യക്ഷനായിട്ടുള്ള ടാസ്ക് ഫോഴ്സിൽ വിദഗ്ദ്ധ സമിതി 21 നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ലോക്ക് ഡൗൺ ഭാഗീകമായിട്ടോ, പൂർണ്ണമായിട്ടോ മാറ്റുകയാണെങ്കിൽ പുറത്തേക്ക് ഇറങ്ങുന്നതിനായി ജനങ്ങൾ വളരെ താൽപര്യം കാണിക്കും എന്നാൽ ജനങ്ങളെ ചില കാര്യങ്ങളിൽ ജാഗ്രതപെടുത്തേണ്ടതുണ്ട്. ലോക്ക് ഡൗൺ പിൻവലിച്ചാൽ പ്രായാധിക്യമുള്ളവരും, മറ്റ് രോഗങ്ങളുള്ളവരും പ്രത്യേകിച്ച് കാൻസർ, പ്രമേഹം, രക്താതി മർദ്ദം തുടങ്ങിയ രോഗമുള്ളവർ പുറത്തിറങ്ങുവാൻ പാടുള്ളതല്ല. ഇതിനെകുറിച്ച് പല തെറ്റായ വാർത്തകളും പ്രചരിക്കുന്നുണ്ട്. ഇന്ത്യയിൽ റിപ്പോർട്ട് വന്നപ്പോൾ കൂടുതലായി ചെറുപ്പക്കാരിൽ രോഗം ബാധിക്കുന്നതായി കണ്ടിരുന്നു. അതുകൊണ്ട് പ്രായാധിക്യമുള്ളവരെ രോഗം ബാധിക്കില്ല എന്ന് വാർത്തകൾ പ്രചരിച്ചിരുന്നു. എന്നാൽ ഇത് ഒരു പരിധിവരെ ശരിയാണെങ്കിലും മരണം കൂടുതലായി കാണുന്നത് പ്രായാധിക്യമുള്ളവരിലും മറ്റ് രോഗങ്ങൾ ഉള്ളവരെയുമാണ്. അതുപോലെ തന്നെ അമേരിക്കയിൽ നിന്നുള്ള റിപ്പോർട്ടിൽ പ്രായം കുറഞ്ഞവരിലും മരണം ഉള്ളതായി കാണുന്നു. എന്നാൽ ഇവരിൽ കൂടുതൽ ആളുകളും മറ്റ് രോഗങ്ങൾ ഉള്ളവരായിരുന്നു എന്ന് റിപ്പോർട്ടുകൾ. ഇതുവരെയുള്ള കണക്കനുസരിച്ച് 49 വയസ്സിന് താഴെയുള്ളവരിൽ 0.4 ശതമാനം മാത്രമേ മരണ സാധ്യതയുള്ളൂ. അതുകൊണ്ട് പ്രായാധിക്യമുള്ളവരും മറ്റ് രോഗങ്ങളുള്ളവരും ലോക്ക് ഡൗൺ പിൻവലിച്ചുകഴിഞ്ഞാലും നിർബന്ധമായും വീടുകളിൽ തന്നെ തുടരുകയും വീടുകളിലുള്ള മറ്റുള്ളവരുമായും വ്യക്തിപരമായിട്ടുള്ള ദൂരം പാലിക്കുകയും വേണം. ഇപ്പോഴത്തെ സാഹചര്യത്തിൽ രോഗികളെ ചികിത്സിക്കുന്നതിൽ 3 മാർഗ്ഗങ്ങളാണ് അവലംബിച്ചു വരുന്നത്.

1. കോവിഡ് രോഗം ബാധിച്ചു എന്ന് സംശയിക്കുന്നവരെ ദിശ ടെലികൗൺസലിംഗ് വഴി ഉപദേശങ്ങൾ നൽകുന്നുണ്ട്. ദിശ ഇതിനായി വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.
2. എമർജൻസി കേസുകൾ കൈകാര്യം ചെയ്യുന്നു. ഉദാഹരണമായി സർജ്ജറികൾ
3. പോലീസിന്റെ സഹായത്തോട് കൂടി ടെലി മെഡിസിൻ വഴി രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നുമുണ്ട്.

   ഇതിൽ ഒന്നും പെടാത്ത ഒരു വലിയ വിഭാഗം ആൾക്കാർക്ക് ഇപ്പോൾ ചികിത്സ കിട്ടുന്നില്ല എന്ന് പരാതി ഉയർന്നുവരുന്നുണ്ട്. ഇതിനെകുറിച്ച് ബഹു. ആരോഗ്യ വകുപ്പ് മന്ത്രി ഇന്ന് പത്ര പ്രസ്താവനയിൽ പറയുകയും ചെയ്തിരുന്നു. ഇതിൽ കാൻസർ രോഗികൾ, വൃക്കരോഗികൾ, ശ്വാസകോശ സംബന്ധമായ രോഗികൾ, മുള്ളവരും ഉണ്ട്. ഇക്കൂട്ടർക്ക് സ്വകാര്യ ആശുപത്രികളിൽ ചികിത്സ നൽകുന്നതിനായി നിർദ്ദേശം കൊടുക്കണം. ഇല്ലെങ്കിൽ ഈ വിഭാഗക്കാർക്ക് എന്തെങ്കിലും അത്യാഹിതം സംഭവിക്കുവാനുള്ള സാധ്യത വളരെ കൂടുതലാണ്. അതുപോലെ ഗുരുതരമായ ആഞ്ചിയോപ്ലാസ്റ്റി വേണ്ടി വരുന്നവരേയും പരിഗണിക്കേണ്ടതാണ്. ഇവരേയും ചികിത്സിക്കുന്നതിനായി നിർദ്ദേശം നൽകേണ്ടതുണ്ട്.

## പ്രിൻസിപ്പൽ സെക്രട്ടറി പൊതുഭരണം.

1981 ചരക്ക് വാഹനങ്ങൾ ഇന്നത്തെ കണക്കനുസരിച്ച് എത്തിയിട്ടുണ്ട്. എന്നാൽ ഫെബ്രുവരി മാസത്തിൽ ശരാശരി നോക്കുകയാണെങ്കിൽ ഇത് 2500 ആയിരുന്നു. അതിനാൽ അഞ്ഞൂറോളം വാഹനങ്ങളുടെ കുറവ് ഇപ്പോൾ നേരിടുന്നുണ്ട്. ജില്ലകളിൽ നിന്ന് സ്റ്റോക്ക് എടുത്തിട്ടുണ്ട്. ഒരാഴ്ചത്തേക്കുള്ള സ്റ്റോക്ക് ഇപ്പോൾ ഉണ്ട്. കൂട്ടുപുഴയിലും, കാസർഗോഡും ചെക്ക് പോസ്റ്റുകൾ അടച്ചതിനാൽ വയനാട് വഴിയാണ് ഇപ്പോൾ ചരക്ക് ഗതാഗതം എത്തികൊണ്ടിരിക്കുന്നത്. ഇപ്പോൾ ആശങ്കയ്ക്ക് വകയില്ല. നാസികിൽ കോവിഡ് മരണം ഉണ്ടായതിനാൽ മാർക്കറ്റുകൾ അടച്ചു. ആയതുകൊണ്ട് വലിയ ഉള്ളിയുടെ വരവ് നിലച്ചിട്ടുണ്ട്. ഇക്കാര്യം കേന്ദ്ര സർക്കാരിനോട് ഉന്നയിച്ചിട്ടുണ്ട്. തെലുങ്കാനയിൽ നിന്ന് പയറുവർഗ്ഗങ്ങൾ എത്തുന്നുണ്ട്. അതിനാൽ ഇക്കാര്യത്തിൽ ആശങ്കപ്പെടേണ്ട. കൂടാതെ ഡീ ആർ എം ഇന്നത്തെ യോഗത്തിൽ വന്നിട്ടുള്ളതിനാൽ ചില പ്രത്യേക കാര്യങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെടുത്തേണ്ടതുണ്ട്. എയർ പോർട്ടുകളിൽ നിന്നും യാത്രക്കാരുടെ പട്ടിക ലഭിക്കുന്നത് പോലെ ട്രെയിനിൽ യാത്ര ചെയ്യുന്നവരുടേയും പട്ടിക ഇതുപോലെ തയ്യാറാക്കി നൽകണമെന്ന് അദ്ദേഹത്തോട് അഭ്യർത്ഥിക്കുന്നു. ട്രെയിനിൽ യാത്ര ചെയ്യുന്നവർക്ക് എല്ലാവർക്കും സാനിറ്റൈസറുകളും, മാസ്കുകളും നൽകണമെന്നും അഭ്യർത്ഥിക്കുകയാണ്.

## ഡി ആർ എം

റിസർവേഷൻ ടിക്കറ്റുകളിൽ യാത്ര ചെയ്യുന്നവരുടെ പട്ടിക തയ്യാറാക്കി നൽകാൻ സാധിക്കുന്നതാണ്. എന്നാൽ റിസർവ് ചെയ്യാത്തവരുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതിന് കേന്ദ്രം റെയിൽവേ മന്ത്രാലയത്തിന്റെ അറിയിപ്പിനായി കാത്തിരിക്കുകയാണ്. ഭക്ഷ്യ സാധനങ്ങൾ തടസ്സം കൂടാതെ ട്രെയിൻ മാർഗ്ഗം എത്തുന്നുണ്ട്. നാളെ വൈകിട്ടോടെ തെലുങ്കാനയിൽ നിന്നുള്ള ചരക്കുമായുള്ള ട്രെയിൻ യാത്ര ആരംഭിക്കും. രണ്ട് ദിവസത്തിനുള്ളിൽ ഇത് വല്ലാർപാടത്ത് എത്തുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ബിക്കാനീറിൽ ലോഡിംഗ് ആരംഭിച്ചിട്ടില്ല. ലോഡിംഗ് ആരംഭിച്ച അവിടുന്നുള്ള ചരക്കുകളും എത്തിക്കുന്ന കാര്യത്തിൽ മേൽ നോട്ടം വഹിക്കുന്നതാണ്.

## ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്

ഭക്ഷ്യ സാധനങ്ങൾ ഇല്ല എന്നും റേഷൻ സാധനങ്ങൾ ലഭിക്കുന്നില്ല എന്നുമുള്ള പല പരാതികളും പല ജില്ലകളിൽ നിന്നുമായി ലഭിക്കുന്നുണ്ടെന്ന മുഖ്യമന്ത്രിയുടെ ചോദ്യത്തിന് മറുപടിയായി 80 ശതമാനം റേഷൻ കൊടുത്തുകഴിഞ്ഞു എന്നും ഇനി 20 ശതമാനം മാത്രമാണ് കൊടുക്കാനുള്ളത്. പാലക്കാട് ഒരു കടയിൽ സ്റ്റോക്ക് തീർന്നിരുന്നു. അവിടെ സാധനങ്ങൾ എത്തിച്ചു കൊടുത്തിട്ടുണ്ട്. തൂക്കക്കുറവിന്റെ പരാതി ലഭിച്ചിരുന്നു, ഇത് ലീഗൽ മെട്രോളജി വകുപ്പിന് കൈമാറിയിട്ടുണ്ട്. 20 -ാം തീയതിയാണ് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച സൗജന്യ റേഷൻ കൊടുക്കാൻ ആരംഭിക്കുന്നത്. അതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. സാധാരണ ഭക്ഷ്യധാന്യത്തെക്കാൾ 40,000 ടൺ ഭക്ഷ്യ ധാന്യം കൂടി അധികമായി ലഭിക്കും എന്നും അദ്ദേഹം അറിയിച്ചു.

ഭക്ഷ്യകിറ്റുകളുടെ കാര്യത്തിൽ പല പരാതികളും ശ്രദ്ധയിൽപ്പെടുന്നുണ്ട് എന്നും ഇതിൽ പലതും രാഷ്ട്രീയ പ്രേരിതമാണെങ്കിലും ശ്രദ്ധയിൽപ്പെടുന്നുണ്ടോ എന്ന മുഖ്യമന്ത്രിയുടെ ചോദ്യത്തിന് മറുപടിയായി സോഷ്യൽ മീഡിയ വഴി ഇതിനായുള്ള വിശദീകരണം നൽകിയിട്ടുണ്ട്. കിറ്റിന്റെ കാര്യത്തിൽ അളവും, വിലയും സർക്കാർ നിശ്ചയിക്കുന്നത്. അത് അനുസരിച്ചാണ് കിറ്റുകൾ കൊടുക്കുന്നത് എന്നും അദ്ദേഹം അറിയിച്ചു.

കൃത്യ സമയത്ത് ഭക്ഷ്യധാന്യങ്ങളും കിറ്റുകളും എത്തിക്കാൻ ശ്രദ്ധിക്കണം എന്ന് ബഹു. മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. ഇതിനെകുറിച്ചും പരാതികൾ ഉയരുന്നു എന്ന മുഖ്യമന്ത്രിയുടെ ചോദ്യത്തിന് മറുപടിയായി ഏപ്രിൽ എട്ടിന് മുഴുവൻ ആദിവാസി മേഖലകളിലും 9-ാം തീയതി എ എ വൈ കാർക്കും ഏപ്രിൽ മാസത്തോടുകൂടി എല്ലാവർക്കും കിറ്റുകൾ നൽകാൻ സാധിക്കുമെന്ന് അറിയിച്ചു. എന്നാൽ പയറുവർഗ്ഗങ്ങളുമായി വരുന്ന ട്രെയിൻ ഇതുവരെ എത്താത്തതുമൂലം ചില ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

## സ്റ്റേറ്റ് പോലീസ് ചീഫ്

എസ്റ്റേറ്റുകളിൽ ജോലി ചെയ്യുന്നവർക്ക് ഭക്ഷണം ലഭിക്കുന്നില്ല എന്ന ഒരു പരാതി ലഭിച്ചിട്ടുണ്ട്. നഗര മേഖലയിൽ മാലിന്യം നീക്കം ചെയ്യുന്നത് നടക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ട്. ഇതിന് പരിഹാരമായി മാലിന്യം നീക്കം ചെയ്യുന്ന ജോലിയിൽ ഏർപ്പെടുന്നവർക്ക് പാസ് നൽകുന്നതിനെക്കുറിച്ച് ആലേചിച്ചിരുന്നു എന്നാൽ ആരും തന്നെ ഇതുവരെ പാസ് കൈപറ്റിയിട്ടില്ല.

## പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ്

ശുചിത്വവുമായി ബന്ധപ്പെട്ട് വിപുലമായിട്ടുള്ള സർക്കുലർ കൊടുക്കുന്നതിന് ഒരുങ്ങുന്നുണ്ട്. ഇതിൽ രണ്ട് വിഷയങ്ങളാണ് - മാലിന്യം നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റീസൈക്ലിനിങ്ങിന് മറ്റ് സംസ്ഥാനങ്ങളിലേക്ക് എടുത്തുകൊണ്ട് പോകുന്നത് ഇപ്പോൾ നടക്കുന്നില്ല. അതുകൊണ്ട് ഇവ എം എഫ് സി കളിലും ആർ ആർ എഫി ലും ശേഖരിക്കേണ്ടി വരും. അതിനുള്ള മുന്നൊരുക്കം ചെയ്യുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇത് കൂടാതെ വയോജനങ്ങളുടെ കാര്യത്തിൽ സാമൂഹ്യ നീതി വകുപ്പ് നടത്തിയ സർവ്വേയുടെ വിശദാംശങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിനും, കുടുംബശ്രീക്കും ലഭ്യമാക്കുന്നതിന് ഏർപ്പാട് ചെയ്തിട്ടുണ്ട്. ഇങ്ങനെ വരുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഒരു ഹെൽപ് ഡെസ്ക് രൂപീകരിക്കാൻ ആലോചിച്ചിട്ടുണ്ട്. ഈ ഹെൽപ് ഡെസ്ക് വഴി ലഭിക്കുന്ന വിവരങ്ങൾ ആരോഗ്യ വകുപ്പിനെ അറിയിക്കാൻ സാധിക്കുന്നതാണ്. ഇതിനായുള്ള ക്രമീകരണങ്ങൾ കൂടി ചെയ്യുന്നുണ്ട്.

കമ്യൂണിറ്റി കിച്ചണുകൾ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ നടത്തുവാൻ തയ്യാറാകുന്നില്ല. ഇത് ഒറ്റപ്പെട്ട ചില സംഭവങ്ങളാണെങ്കിലും ഇത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ എന്ന മുഖ്യമന്ത്രിയുടെ ചോദ്യത്തിന് മറുപടിയായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും റിപ്പോർട്ടുകൾ ശേഖരിക്കുന്നുണ്ടെന്നും ഇതുവരെ ഇങ്ങനെ ഒരു വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നും, എന്നാൽ അർഹതയുള്ള

ഗുണഭോക്താവിന് മാത്രമേ സൗജന്യമായി ഭക്ഷണം നൽകാവൂ എന്ന നിർദ്ദേശം വന്നതിന് ശേഷവും ഇതിനനുസൃതമായി കുറവൊന്നും വന്നിട്ടില്ല എന്നും അറിയിച്ചു.

കണ്ണൂർ ജില്ലയിൽ ഇരിക്കൂർ പഞ്ചായത്തിൽ ഒരു ഹോട്ടലിലായിരുന്നു കമ്യൂണിറ്റി കിച്ചൺ പ്രവർത്തനം നടത്തിയിരുന്നത്. എന്നാൽ സർക്കാർ പ്രത്യേകം ഫണ്ട് ഒന്നും അനുവദിക്കില്ല എന്നത് കൊണ്ട് പഞ്ചായത്തിനെകൊണ്ട് ഇത് നടത്താൻ സാധിക്കില്ല എന്ന് പറഞ്ഞ് ഈ കമ്യൂണിറ്റി കിച്ചൺ അടയ്ക്കുകയുണ്ടായി. എന്നാൽ ഇതിന്റെ ഭാഗമായി ഒരു സംഘടന പൊതിച്ചോറ് നൽകാൻ ആരംഭിച്ചു ഇതിനെകുറിച്ച് അന്വേഷിക്കണമെന്നും ബഹു. മുഖ്യമന്ത്രി അറിയിച്ചു. ഇതിന് മറുപടിയായി പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് റിപ്പോർട്ട് വാങ്ങാമെന്നും സ്പോൺസർഷിപ്പുവഴി ഫണ്ട് കണ്ടെത്തണമെന്നും ഇതല്ലെങ്കിൽ തനത് ഫണ്ട് എടുക്കാമെന്നും തനത് ഫണ്ട് പര്യാപ്തമല്ലെങ്കിൽ വികസന ഫണ്ടിൽ നിന്ന് എടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അിറയിച്ചു. ഈ വർഷത്തെ ആദ്യത്തെ അലോക്കേഷനിൽ തന്നെ ഇതുപോലുള്ള പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് കണ്ടെത്തണം എന്നുള്ള നിർദ്ദേശം നൽകിയിട്ടുള്ളതാണ്. അതിനാൽ പണത്തിന്റെ പ്രശ്നം ഉണ്ടാകാനുള്ള സാധ്യത ഇല്ല എന്നും മുഖ്യമന്ത്രിയെ അറിയിച്ചു

ഇതുപോലുള്ള പ്രവർത്തനങ്ങൾ ചില മുട്ടാപോക്ക് നയങ്ങളുടെ ഭാഗമായിട്ടാണ് അതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഇതിന് കർശന നടപടി സ്വീകരിക്കണം എന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു.

## ഫയർഫോഴ്സ്

2299 വീടുകളിൽ മരുന്നുകൾ എത്തിച്ചുകൊടുത്തു. കൂടാതെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ പ്രത്യേകിച്ച് ആദിവാസി മേഖലകളിലും മറ്റും പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. ഇതനുസരിച്ച് സർക്കാർ അനുവദിച്ച എല്ലാ ആനുകൂല്യങ്ങളും ഇവിടങ്ങളിൽ എത്തുന്നുണ്ട് എന്ന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. എന്നാൽ രോഗം വന്നവരെ ആശുപത്രികളിൽ കൊണ്ടുപോകുന്ന കാര്യത്തിൽ വിമുഖത കാണുന്നുണ്ട്. എന്നാൽ ഇതുപോലുള്ള കാര്യങ്ങളിൽ ശക്തമായ ഇടപെടലുകൾ നടത്തി രോഗമുള്ളവരെ ആശുപത്രികളിൽ എത്തിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

## പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്

ടെസ്റ്റ് കിറ്റുകൾക്കും വ്യക്തി സുരക്ഷാ ഉപകരണങ്ങൾക്കും ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ സൗത്ത് കൊറിയയിൽ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ട് ടെസ്റ്റ് കിറ്റുകൾ ഉണ്ടോ എന്ന് അന്വേഷിച്ചതിന്റെ ഫലമായി അവിടെ നിന്നും വലിയ തോതിൽ ടെസ്റ്റ് കിറ്റുകൾ ലഭ്യമാക്കാമെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അതിനാൽ എംബസി മുഖാന്തിരം ബന്ധപ്പെട്ടാൽ ഇത് ലഭ്യമാകും. ഇത് ലഭ്യമാകുന്നതിന് ഏകദേശം 8 മുതൽ 9 ദിവസം വരെ എടുക്കും. ഇങ്ങനെ ഏകദേശം 2 ലക്ഷം കിറ്റുകൾ വരെ ലഭ്യമാകും

## പൊതുമരാമത്ത് വകുപ്പ്

പൊതുമരാമത്ത് വകുപ്പ് 1.33 ലക്ഷം മുറികൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 90922 മുറികൾ ഉടനെ ഉപയോഗിക്കാവുന്നതാണ്. 2 ലക്ഷം മുറികൾ ഇങ്ങനെ കണ്ടെത്തണം എന്നാണ് ഇപ്പോൾ കരുതുന്നത്. ഇപ്പോൾ കണ്ടെത്തിയിരിക്കുന്ന മുറികളിൽ എല്ലാം തന്നെ കിടക്കകൾ ഉള്ളവയാണ്. എന്നാൽ ഇനി നോക്കാൻ പോകുന്നതിൽ കിടക്കകൾ ലഭ്യമാക്കേണ്ടിവരും.

## മെമ്പർ സെക്രട്ടറി എസ് ഡി എം എ

ഡേറ്റകൾ ഇന്റഗ്രേറ്റ് ചെയ്യുന്ന ജോലിയാണ് എസ് ഡി എം എ യെ ഏൽപിച്ചിരിക്കുന്നത്. ഇത് ഭംഗിയായി നടക്കുന്നുണ്ട്. കൂടാതെ വേനൽ മഴ ആരംഭിക്കുകയാണ് അത് അടുത്ത 5 ദിവസത്തേക്ക് കൂടി തുടരും. ഇന്നും നാളേയും കൂടി ഇടിയോടുകൂടിയ മഴ ലഭിക്കുന്നതാണ്. പ്രത്യേകിച്ച് വടക്കൻ ജില്ലകളിലും ഇടുക്കി ജില്ലയിലെയും പത്തനംതിട്ടയിലേയും മലയോര പ്രദേശങ്ങളിൽ.

## ഐ ടി സെക്രട്ടറി

വിവരങ്ങളുടെ ഡാറ്റാ ബേസ് എസ് ഡി എം എ ആണ് തയ്യാറാക്കുന്നത്. ലോക്ക് ഡൗൺ അവസാനിക്കുമ്പോൾ കേരളത്തിലെത്തുന്നവർക്കായി റിവേഴ്സ് ഐസൊലേഷൻ പ്രോട്ടോക്കോൾ നാളെ അവതരിപ്പിക്കാം. ഐ ടി പോർട്ടൽ വഴി ഇപ്പോൾ മാനസികാരോഗ്യ കൗൺസലിംഗ് നൽകുന്നുണ്ട്. ചില സ്ഥലങ്ങളിൽ ബാൻഡ് വിഡ്ത് കുറവാണ്. ഇത് കൂട്ടുന്ന കാര്യത്തിൽ കെ പി എം ജി സഹായിക്കാൻ സന്നദ്ധത അറിയിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി അറിയിച്ചു. ഇത് പരിഗണിക്കാവുന്നതാണ്.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു.മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. കാസർഗോഡ്, പാലക്കാട് ജില്ലകളിൽ റേഷൻ വിതരണം മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് അതു പരിശോധിക്കണം **(ചുമതല - ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്).**
2. കർണ്ണാടകയുമായി ബന്ധപ്പെട്ട് നാം അഭിമുഖീകരിക്കുന്ന അതിർത്തി പ്രശ്നത്തിന്റെ അതേ മാതൃകയിൽ പാലക്കാട്, ജില്ലാഭരണകൂടത്തിന്റെ അനുവാദം കൂടാതെ റോഡിൽ മണ്ണിട്ട് അടച്ചത് തെറ്റാണ്. അത് നീക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. **(ചുമതല - ജില്ലാ കളക്ടർ പാലക്കാട് - ആഭ്യന്തര വകുപ്പ്)**
3. തിരുവനന്തപുരം ജില്ലയിൽ ഒരു പച്ചക്കറിക്കടയിൽ ഈ സമയത്ത് ഉദ്ഘാടനം നടന്നപ്പോൾ ആൾക്കൂട്ടം ഉണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് ഒഴിവാക്കേണ്ടതായിരുന്നു. **(ചുമതല - ആഭ്യന്തര വകുപ്പ്).**
4. കമ്മ്യൂണിറ്റി കിച്ചനുകൾ യുത്ത് കോൺഗ്രസുകാർക്ക് സംഘടന എന്ന നിലയ്ക്ക് പ്രവർത്തിക്കാൻ അനുവദിക്കണമെന്ന് കോടതിയിൽ അവർ റിട്ട് ഫയൽ ചെയ്തിട്ടുണ്ട്. മാത്രമല്ല, ഇവരെ വോളന്റിയർമാരായി എടുക്കണമെന്നും അവർ വാദിക്കുന്നുണ്ട്. ഈ കാര്യങ്ങളിൽ നമ്മുടെ നിലപാടുകൾ വ്യക്തമാണ്. കമ്മ്യൂണിറ്റി കിച്ചണുകളുടെ നടത്തിപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. മാത്രമല്ല, സന്നദ്ധ പ്രവർത്തകരാകാൻ കൊടിയോ, നിറമോ നോക്കിയല്ല മറിച്ച്, നിഷ്ക്കർഷിച്ചിട്ടുള്ള

മാനദണ്ഡങ്ങൾ പരിഗണിച്ചാകണമെന്നു മാത്രം **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)**

5. പത്തനംതിട്ട ജില്ലയിലെ 9 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ (കവിയൂർ, പള്ളിക്കോട്, തണ്ണിത്തോട്, അയിരൂർ, പത്തനംതിട്ട മുനിസിപ്പാലിറ്റി, കുറ്റൂർ, ചെറുകോൽ, കോന്നി, ചെന്നിയൂർക്കോണം) കമ്മ്യൂണിറ്റി കിച്ചനുകൾ ഫലപ്രദമായി നടക്കുന്നതായി കാണുന്നില്ല. ഇത് പരിശോധിക്കണം **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)**
6. പി എസ് സി അഡ്വൈസ് മെമ്മോ ലഭിച്ച പലർക്കും ലോക്ക് ഡൗൺ കാരണം നിയമന ഉത്തരവ് ലഭിക്കുന്നില്ല. അവർക്ക് ഇമെയിൽ വഴി നിയമന ഉത്തരവ് നൽകി ഈ പ്രശ്നം പരിഹരിക്കുന്നത് പരിശോധിക്കേണ്ടതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
7. റേഷൻവിഹിതം കേരളത്തിൽ നിന്ന് എവിടെനിന്നും വാങ്ങാമെന്നിരിക്കേ ചിലർ ഇപ്പോൾ താമസിക്കുന്ന സ്ഥലത്ത് നിന്നും റേഷൻ ലഭിക്കുന്നില്ല എന്ന സാഹചര്യം പരിശോധിക്കണം **(ചുമതല - ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്)**
8. മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന നഴ്സുമാർക്ക് കോവിഡ് 19 രോഗം കൂടിയതോതിൽ പിടിപെട്ടതായി കാണുന്നു. അവിടങ്ങളിൽ ആവശ്യമായ സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യതകുറവ് ഉണ്ടെന്ന് ഇവരിൽ നിന്നും വിവരം ലഭിച്ചിട്ടുണ്ട്. കേന്ദ്രവുമായി ഈ കാര്യം അടിയന്തിരമായി അറിയിച്ച് ചീഫ് സെക്രട്ടറി തലത്തിൽ പ്രശ്നപരിഹാരം കാണേണ്ടതാണ്. **(ചുമതല - ചീഫ് സെക്രട്ടറി)**
9. കൊല്ലം ജില്ലയിൽ ഡോക്ടർമാർക്ക് നൽകിയ പി പി ഇ മോശമാണെന്ന പരാതി ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിക്കണം **(ചുമതല - ആരോഗ്യ വകുപ്പ്, കെ എം എസ് സി എൽ)**
10. ആശുപത്രി ജീവനക്കാർ, അവരെ ജോലിസ്ഥലത്തേക്ക് കൊണ്ടുവിടാൻ വരുന്നവർ, ആയുർവ്വേദ മരുന്നുകടക്കാർ എന്നിവരെ പൊലീസ് തടയുന്നു എന്ന പരാതി ഉണ്ട്. പോലീസ് ഇവരെ ആവശ്യം ന്യായമാണെങ്കിൽ കടത്തിവിടേണ്ടതാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്)**
11. ലോക്ക് ഡൗൺ തകർക്കാൻ ചില സംഘടനകൾ ശ്രമിക്കുന്നു. മോഷ്ടാവ്, അജ്ഞാത ജീവി എന്നീ പേരു പറഞ്ഞ് മലപ്പുറം, കോഴിക്കോട് ജില്ലകളിൽ കൂടുതലായി ഇവർ ഇതിനു ശ്രമിക്കുന്നു. ഇതിനെതിരെ തക്കതായ നടപടി സ്വീകരിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
12. നേരത്തെ ബുക്ക് ചെയ്ത വിമാന ടിക്കറ്റുകൾ റദ്ദാക്കുമ്പോൾ ഓൺലൈൻ യാത്ര പോർട്ടലുകളിൽ പുന:ക്രമീകരിക്കാൻ അവസരം നൽകുന്നില്ല എന്ന പരാതി ലഭിക്കുന്നുണ്ട്. ഇത് കേന്ദ്രതലത്തിൽ ഇടപെട്ട് പരിഹരിക്കേണ്ടതാണ്. സെപ്റ്റംബർ 30 വരെ ഇത്തരക്കാർക്ക് അതേ നിരക്കിൽ ടിക്കറ്റുകൾ പുന:ക്രമീകരിക്കാൻ അനുവദിക്കുമെന്ന് കേന്ദ്രം അറിയിച്ചതായി ചീഫ് സെക്രട്ടറി പറഞ്ഞു. **(ചുമതല - പൊതുഭരണവകുപ്പ്)**
13. അനാഥാലയങ്ങൾ, കോൺവെന്റുകൾ, ആശ്രമങ്ങൾ, മഠങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവർക്ക് സൗജന്യറേഷൻ നൽകേണ്ടതാണ്. ഇത് നൽകാൻ 56 ലക്ഷത്തോളം രൂപ അധികമായി വരുന്നത് ദുരന്തനിവാരണ ഫണ്ടിൽനിന്ന് ലഭ്യമാക്കുന്ന കാര്യം പരിശോധിക്കാൻ റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയോട് മുഖ്യമന്ത്രി പറഞ്ഞു. **(ചുമതല - ഭക്ഷ്യ സിവിൽ സപ്ലൈസ്, റവന്യൂ വകുപ്പ്)**

14. കലാകാരന്മാർ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ഇത് പരിഹരിക്കാൻ എന്ത് ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കണം. **(ചുമതല - ധനകാര്യ വകുപ്പ്)**
15. മാലിന്യ സംസ്കരണം ശരിയായി നടക്കുന്നില്ല. അതിനുള്ള തൊഴിലാളികൾക്ക് ജോലിക്ക് എത്തിച്ചേരാനുള്ള ക്രമീകരണം തദ്ദേശസ്വയംഭരണവകുപ്പ് സ്വീകരിക്കണം. ഇതിനാവശ്യമുള്ള ആളുകൾ ഉണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഉറപ്പുവരുത്തേണ്ടതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)**
16. എസ്റ്റേറ്റ് തൊഴിലാളികൾ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. അവരിൽ 285 ഓളം പേർക്ക് മാരക രോഗങ്ങൾ ഉണ്ട്. എന്നാൽ അവിടെ അവർക്ക് വേണ്ടത്ര സൗകര്യങ്ങൾ ലഭ്യമല്ല. മാത്രമല്ല അവരുടെയിടയിൽ ലോക്ക് ഡൗൺ ഭാഗീകമായി തുറക്കാമെന്ന നിലപാട് നാം എടുത്തിട്ടുണ്ട്. എന്നാൽ നാം കുറച്ചുകൂടി ശ്രദ്ധിക്കണം **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
17. കോഴിക്കോട് മെഡിക്കൽ കോളെജ് കൊവിഡ് 19 ആശുപത്രി ആക്കിയപ്പോൾ സാമ്പത്തിക സഹായമായി ലഭിച്ച തുക അവിടത്തെ പി ടി എ ഫണ്ടിൽ നിക്ഷേപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ശരിയല്ല. ഒന്നുകിൽ മെഡിക്കൽ കോളേജിന്റെ അക്കൗണ്ടിലോ, വികസനസമിതി അക്കൗണ്ടിലോ തുക നിക്ഷേപിക്കേണ്ടതാണ്. **(ചുമതല -ആരോഗ്യ വകുപ്പ് - ഡി എം ഇ)**
18. കരിഞ്ചന്ത, പൂഴ്ത്തിവയ്പ് എന്നിവ കണ്ടെത്തുന്നതിനായി 289 വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ചതിൽ 103 സ്ഥലത്ത് നടപടി എടുക്കണമെന്ന കാര്യം ബന്ധപ്പെട്ട വകുപ്പുകളെ വിജിലൻസ് അറിയിച്ചിട്ടുണ്ട്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
19. ഇറിഗേഷൻ കനാലുകൾ തുറന്നാൽ കിണറുകൾ നിറയും. ജലവിഭവ വകുപ്പ് ഇത് പരിശോധിക്കേണ്ടതാണ്. **(ചുമതല - പൊതുമരാമത്ത് (ഇറിഗേഷൻ) വകുപ്പ്, ജലവിഭവ വകുപ്പ്)**
20. ജലവിഭവ വകുപ്പിന്റെ അരുവിക്കരയിലുള്ള കുപ്പിവെള്ള ഫാക്ടറിയിൽ ഉല്പാദനം ഉടൻ ആരംഭിക്കുന്ന കാര്യം പരിശോധിക്കണം. **(ചുമതല - ജലവിഭവ വകുപ്പ്)**
21. ഇപ്പോൾ ഓടുന്ന വാഹനങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ അത് പരിഹരിക്കാൻ സംവിധാനം നിലവിലില്ല. ആയതിനാൽ ഓട്ടോമൊബൈൽ റിപ്പയർ സ്ഥാപനങ്ങൾ ആഴ്ചയിൽ ഒരു ദിവസം തുറക്കാൻ അനുവദിക്കുന്ന കാര്യം പരിശോധിക്കണം. കമ്പ്യൂട്ടർ, മൊബൈൽ ഷോപ്പുകളുടെ കാര്യത്തിലും ഈ കാര്യം പരിശോധിക്കണം **(ചുമതല- പൊതുഭരണ വകുപ്പ്.)**
22. കളിമൺ ജോലിക്കാർക്ക് ഒരു വർഷത്തേയ്ക്കുള്ള മണ്ണ് സംഭരിക്കുന്ന കാലമായതിനാൽ തിരക്കുണ്ടാകാതെ അവരെ ഇതിന് അനുവദിക്കണം. **(ചുമതല- പൊതുഭരണം, ആഭ്യന്തര വകുപ്പ്.)**
23. ലോക്ക് ഡൗണിനുശേഷം എന്ത് നടപടികൾ സ്വീകരിക്കണമെന്ന കാര്യം പ്രത്യേകം ചർച്ചചെയ്യാം
24. കാസർഗോഡ് ജില്ലയിൽ 520 ഓളം കിടക്കകൾ ഉള്ള ആശുപത്രി നിർമ്മിക്കാമെന്ന് ടാറ്റാ ഗ്രൂപ്പ് അറിയിച്ചിട്ടുണ്ട്. ഇതിനായി അഞ്ചംഗ സംഘം എറണാകുളത്തുനിന്നും കാസർഗോഡേയ്ക്ക് നാളെ തിരിക്കും. **(ചുമതല- ബന്ധപ്പെട്ട വകുപ്പുകൾ)**
25. എം എൽ എ മാർ, ഏലം, തേയില എന്നിവയുടെ ലേലം നടക്കാത്ത പ്രശ്നം ഉന്നയിച്ചിരുന്നു. ഇവയുടെ ലേലം ആഴ്ചയിലൊരിക്കൽ നടത്താവുന്നതാണ്.

സ്പൈസ്സസ് ബോർഡ്, ടീ ബോർഡ് എന്നിവരെ ഇതറിയിക്കണം. **(ചുമതല- ബന്ധപ്പെട്ട വകുപ്പുകൾ, സ്പൈസ്സസ് ബോർഡ്, ടീ ബോർഡ്)**

26. സ്വിഗ്ഗി ഭക്ഷണവിതരണ ശൃംഖല 1000 പേർക്ക് 2 നേരം വീതം തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ ഭക്ഷണം നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ഇവരുടെ ജീവനക്കാർക്കും, കിച്ചൺ ഉപകരണങ്ങൾക്കുമൊക്കെ യാത്രാ പാസ്സ് ലഭ്യമാക്കുന്ന കാര്യം പരിഗണിക്കണമെന്നും അവർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് പരിശോധിക്കണം **(ചുമതല- ചീഫ് സെക്രട്ടറി)**

യോഗം 5.10 ന് അവസാനിച്ചു

# അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ബഹു. റവന്യൂ വകുപ്പ് മന്ത്രി
3. ചീഫ് സെക്രട്ടറി
4. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
5. സ്റ്റേറ്റ് പോലീസ് ചീഫ്
6. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
8. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
11. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
12. ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ
13. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
14. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
15. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം
16. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
17. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
18. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
19. സെക്രട്ടറി, ധനകാര്യം
20. സെക്രട്ടറി, ഊർജ്ജ വകുപ്പ്
21. സെക്രട്ടറി, ടൂറിസം വകുപ്പ്
22. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
23. ജോയിന്റ് സെക്രട്ടറി, ആരോഗ്യ വകുപ്പ്
24. മുഖ്യമന്ത്രിയുടെ സെക്രട്ടറി
25. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
26. ഡി ജി ഇ, തിരുവനന്തപുരം
27. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
28. മറ്റുള്ളവർ